# അക്കാദമിക

# മാസ്റ്റർ പ്ലാൻ

## 2025 - 2026

# ആമുഖം.

തികച്ചും ഗ്രാമീണ പശ്ചാത്തലമാണ് ശങ്കരമ്പാടി സ്കൂളിനുള്ളത്. സാമൂഹ്യസാമ്പത്തിക പിന്നാക്കക്കാരാണ് ഇവിടത്തുകാർ. സ്കൂളിലെ ഭൂരിഭാഗം കുട്ടികളും പിന്നാക്ക വിഭാഗത്തിൽപ്പെട്ടുന്നവരാണ്.

പഠന -പാഠ്യേതര പ്രവർത്തനങ്ങളിൽ ചില നക്ഷത്ര ശോഭകൾ സൃഷ്ടിക്കപ്പെട്ടുന്നുണ്ട് എന്ന് അഭിമാനിക്കുമ്പോഴും നിലനിൽക്കുന്ന സാമൂഹിക സാമ്പത്തിക പിന്നോക്കാവസ്ഥകൾകുട്ടികളുടെ പഠനപുരോഗതിയെസാരമായ് ബാധിക്കുന്നുണ്ടെന്ന് ഞങ്ങൾ അറിയുന്നു.

ഗുണമേന്മയുള്ള വിദ്യാഭ്യാസംകുട്ടികളുടെ അവകാശമാണെന്ന ഉത്തമ ബോധ്യമുള്ളതുകൊണ്ട് മുഖ്യപഠനധാരയിൽ നിന്നുംവ്യതിചലിക്കാതെ പഠന പിന്നാക്കക്കാർക്ക് ഊന്നൽ നൽകിക്കൊണ്ട് ഊർജ്ജിതവും ഉത്സുകവുമായൊര പഠനപ്രക്രിയ ഒരുക്കുകയാണ്. ജൂണിൽ ആരംഭിച്ച് മാർച്ച് വരെ നീണ്ടു നിൽക്കുന്ന പ്രവർത്തനങ്ങളിലൂടെ സ്കൂളിന്റെ അക്കാദമിക നിലവാരം ഉയർത്തുകയാണ് ലക്ഷ്യം.

## പൊതുലക്ഷ്യങ്ങൾ

1. വിദ്യാലയം നേരിടുന്ന അക്കാദമിക വെല്ലുവിളികൾ കണ്ടെത്തി, അവ മറികടക്കാനുള്ള മാർഗങ്ങൾ സ്വീകരിക്കുക.
2. എല്ല ക്ലാസിലും എല്ലാവിഷയങ്ങളും അക്കാദമിക നിലവാരം ഉയർത്തുക.
3. പഠനപ്രക്രിയ, പഠനസാമഗ്രികൾ, വിലയിരുത്തൽ, പരിഹാരബോധനം മോണിറ്ററിംഗ് എന്നിവ കൂടുതൽ കാര്യക്ഷമമാക്കുക.
4. പഠനപ്രവർത്തനങ്ങളിൽ ആധുനികസാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തുക.
5. പിന്നാക്കം നിൽക്കുന്ന കുട്ടികളുടെ പഠനിലവാരം മെച്ചപ്പെടുത്തുക.
6. CPTA, PTA എന്നിവയുടെ അക്കാദമികതലം ശക്തിപ്പെടുത്തി രക്ഷിതാക്കളിൽ ആത്മവിശ്വാസം വളർത്തിയെടുക്കുക.
7. രക്ഷിതാക്കൾക്ക് വിദ്യാലയത്തിൽ ഇടപെടാനുള്ള അവസരം ഒരുക്കുക വിദ്യാലയവും സമൂഹവും തമ്മിലുള്ള ബന്ധം ദൃഢമാക്കുക.
8. പ്രദേശത്തെ വിഭവസാധ്യതകൾ പ്രയോജനപ്പെടുത്തുക. സമൂഹത്തെ ഒരു പഠന വിഭവമാക്കുക.
9. മാതൃഭാഷാ ശക്തിപ്പെടുത്തുന്നതോടൊപ്പം ഇംഗ്ലീഷ് ഭാഷയിലുള്ള അശയവിനിമയസശേഷി വർദ്ധിപ്പിക്കകുക.
10. LSG, MLA പൂർവ്വവിദ്യാർത്ഥികൾ, പൊതുസമൂഹം തുടങ്ങിയവയുടെ സാധ്യതകൾ പ്രയോജനപ്പെടുത്തുക.
11. വിദ്യാലയത്തിന് സമൂഹത്തിന് സ്വീകാര്യത ഉറപ്പുവരുത്തുക
12. കുട്ടികളെ പൊതുവിദ്യാലയത്തിലേക്ക് തിരികെ കൊണ്ടുവരിക
13. ജനകീയ പങ്കാളിത്തത്തോടെ വിദ്യാലയത്തെ മികവിന്റെ കേന്ദ്രമാക്കി മാറ്റുക.
14. മികച്ച ജീവിതവീക്ഷണവും സാമൂഹിക മൂല്യങ്ങളും മനോഭാവവുമുള്ള തലമുറയെ സൃഷ്ടിക്കുക.

# അവസ്ഥാവിശകലനം

## അക്കാദമികം - നേട്ടങ്ങൾ

കൃത്യമായി എസ്. ആർ. ജി. ചേർന്ന് സ്കൂളിന്റെ പൊതുപ്രവർത്തനങ്ങളും കുട്ടികളുടെ പ്രശ്നങ്ങളും ഫീൽഡ് ട്രിപ്പുകളും പ്രൊജക്ടുകളും ചർച്ചചെയ്ത് വേണ്ടുന്ന ആസൂത്രണങ്ങളും നടപടികളും സ്വീകരിച്ചുവരുന്നു. മലയാളത്തിളക്കം, ശ്രദ്ധ തുടങ്ങിയപരിപാടികൾ കുട്ടികളുടെ പഠനനിലവാരം മെച്ചപ്പെടുത്താൻ സഹായകമായിട്ടുണ്ട്. ലൈബ്രറി പുസ്തകങ്ങൾ കൃത്യമായി വായിക്കുകയും കുറിപ്പ് തയ്യാറാക്കുകയും, അസംബ്ലിയിൽ വായിപ്പിക്കുകയും ചെയ്യുന്നത് കുട്ടികളുടെ വായനാശേഷി വർദ്ധിപ്പിക്കാൻ സഹായകമായിട്ടുണ്ട്.

## അക്കാദമികം- പരിമിതികൾ.

ചിലകുട്ടികൾക്ക് അടിസ്ഥാനപരമായ ഭാഷഗണിത ശേഷികൾ ഉറച്ചിട്ടില്ല. ചില രക്ഷിതാക്കൾ കുട്ടികളുടെ പഠനകാര്യത്തിൽ വേണ്ടത്ര സഹായം നൽകുന്നില്ല. എത്ര ബോധവൽകരിച്ചാലും എല്ലാം വിദ്യാലയത്തിൽ, അധ്യാപകരുടെ ചുമതലയായി മാത്രം കാണുന്ന സ്ഥിതിവിശേഷമുണ്ട്.

പ്രധാനധ്യാപകന് വിദ്യാലയത്തിന്റെ ഭരണചുമതലയ്ക്കുപുറമെ ക്ലാസ് ചാർജുണ്ട്. ക്ലാസ് ടീച്ചർ സമ്പ്രദായം നിൽക്കുന്നതുകൊണ്ടുതന്നെ ക്ലാസിൽ മുഴുനീളസമയം ഒരധ്യാപകൻ ഉണ്ടായിരിക്കണം. എന്നാൽ പ്രധാനധ്യാപകന് പല അവസരങ്ങളിലും വിദ്യാലയത്തിൽ നിന്നും മാറി നിൽക്കേണ്ടിവരുന്നുണ്ട്. അതിനാൽ തന്റെ ക്ലാസിലും കുട്ടികളോട് നൂറ് ശതമാനം നീതി പുലർത്താൻ കഴിയുന്നില്ല.

## ൭. പദ്ധതി വിശദാംശങ്ങൾ

### ഭാഷാ പോഷണം

ആമുഖം:

എല്ലാ കുട്ടികൾക്കും ഗുണനിലവാരമുള്ള വിദ്യാഭ്യാസം എന്നത് കുട്ടികളുടെ അവകാശമാണ്. ഏതുതരം അറിവ് നേടണമെങ്കിലും അടിസ്ഥാനപരമായ ഭാഷാശേഷികൾ നേടേണ്ടതുണ്ട്. എന്നാൽ പലവിധ കാരണങ്ങളാൽ കുട്ടികൾ അക്ഷര, ചിഹ്ന, വായനപ്രശ്നങ്ങൾ നേരിടുന്നുണ്ട്. രണ്ടുമുതൽ നാലു വരെ ക്ലാസുകളിൽ അക്ഷരങ്ങളും ചിഹ്നങ്ങളും വേണ്ടവിധത്തിൽ ഉറച്ചിട്ടില്ലാത്ത കുട്ടികൾ ഉണ്ടെങ്കിൽ അതിനെ മറികടക്കാനായി വിദ്യാലയം ഏറ്റെടുത്തു നടത്താനുദ്ദേശിക്കുന്ന പദ്ധതിയാണിത്.

ലക്ഷ്യങ്ങൾ :

1. അക്ഷരങ്ങൾ തിരിച്ചറിയാനുള്ള ശേഷി നേടുക.
2. ചിഹ്നങ്ങൾ തിരിച്ചറിയാനുള്ള ശേഷി നേടുക.
3. പദങ്ങളും, ലഘുവാക്യങ്ങളും തെറ്റുകൂടാതെ വായിക്കാനും എഴുതാനും കഴിവുനേടുക.
4. ആശയഗ്രഹണത്തോടെയുള്ള വായന
5. ചോദ്യങ്ങൾക്ക് ഉത്തരം കണ്ടെത്തിയെഴുതാനുള്ള കഴിവ്.
6. മാതൃഭാഷയിൽ ഉയർന്ന പഠനമികവ് ഉറപ്പാക്കുക.

### പ്രവർത്തനപദ്ധതി

1. മെയ് അവസാനവാരം SRG ചേർന്ന് ചുമതലകൾ വിഭജനം
2. നടത്തേണ്ട പ്രവർത്തനങ്ങളുടെ ആസൂത്രണം
3. പ്രവർത്തനങ്ങൾക്ക് പ്രത്യേക സമയം നിശ്ചയിക്കൽ
4. പ്രീ ടെസ്റ്റ് നടത്തി പ്രശ്നങ്ങളുള്ള കുട്ടി
5. ആസൂത്രണത്തിനനുസരിച്ച് പ്രവർത്തനങ്ങൾ നടപ്പിലാക്കൽ
6. വ്യക്തികത പ്രവർത്തനങ്ങൾക്ക് മുൻതൂക്കം നൽകൽ
7. അവശ്യമായ പഠനസാമഗ്രികൾ മുൻകൂട്ടി തയ്യാറാക്കൽ.

## പ്രവർത്തനകലണ്ടർ

| നമ്പർ | പ്രവർത്തനങ്ങൾ | ജൂൺ | ജൂലൈ | ആഗസ്ത് | സെപ്തംബർ | ഒക്ടോബർ | നവംബർ | ഡിസംബർ | ജനുവരി | ഫെബ്രുവരി | മാർച്ച് |
|---|---|---|---|---|---|---|---|---|---|---|---|
| 1 | പ്രീ-ടെസ്റ്റ് | ✓ | | | | | | | | | |
| 2. | പ്രവർത്തങ്ങൾ ആസൂത്രണം | ✓ | | | | | | | | | |
| 3 | പഠനസാമഗ്രികൾ തയ്യാറാക്കൽ | ✓ | ✓ | ✓ | ✓ | ✓ | ✓ | ✓ | ✓ | ✓ | ✓ |
| 4 | സ്വരാക്ഷരങ്ങൾ ഉറപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ | ✓ | ✓ | | | | | | | | |
| 5 | വ്യഞ്ജനാക്ഷരങ്ങൾ ഉറപ്പിക്കാനുള്ള പ്രവർത്തനങ്ങൾ | | ✓ | ✓ | | | | | | | |
| 6 | ചിഹ്നങ്ങൾ ഉറപ്പിക്കാനുള്ള പ്രവർത്തനങ്ങൾ | | | | ✓ | ✓ | | | | | |
| 7 | ഇടക്കാല മൂല്യ നിർണ്ണയം | | | | | ✓ | | | | | |
| 8 | സംഭാഷണം, /കവിത/കഥാപുരാണം/കവിത/കഥാരചന, ലഘുവിവരണം തയ്യാറാക്കൽ, ചോദ്യങ്ങൾക്കുത്തരം കണ്ടെത്തൽ ആശയഗ്രഹണത്തിനുള്ള പ്രവർത്തനങ്ങൾ | | | | | | | | | | |
| 9 | അവസാനഘട്ടവിലയിരുത്തൽ | | | | | | | | | | ✓ |
| 10 | ക്ലാസ്തല പതിപ്പുകൾ തയ്യാറാക്കൽ | | | | | | ✓ | ✓ | ✓ | ✓ | |

ധനകാര്യവിശകലനം

| നമ്പർ | പ്രവർത്തനങ്ങൾ | ചുമതല | ചെലവ് | സ്രോതസ്സ് |
|---|---|---|---|---|
| 1 | ക്ലാസ് തലത്തിൽ കുട്ടികളെ കണ്ടെത്തൽ | ക്ലാസ് ടീച്ചർ | | |
| 2 | പഠന സാമഗ്രികൾ തയ്യാറാക്കൽ | ക്ലാസ് ടീച്ചർ | 1000.00 | പി. ടി. എ |
| 3 | പ്രവർത്തനങ്ങൾ ക്രമീകരിക്കൽ | ക്ലാസ് ടീച്ചർ | | |
| 4 | പാഠഭാഗവുമായി ബന്ധിപ്പിച്ച് പ്രവർത്തനങ്ങൾ നൽകൽ | ക്ലാസ് ടീച്ചർ | | |

## മധുരതരം ഗണിതം

ആമുഖം :

സംഖ്യകളും കണക്കുകളും നിത്യജീവിതത്തിന്റെ ഭാഗമാണ്. കുട്ടികൾക്കായാലും മുതിർന്നവർക്കായാലും ഇതിൽനിന്ന് ഒഴിഞ്ഞുമാറാനാവില്ല. ഉറക്കമുണരുന്നതുമുതൽ ഉറങ്ങുന്നതുവരെയുള്ള നമ്മുടെ എല്ലാ പ്രവർത്തനങ്ങളും ഓരോ തരത്തിൽ സംഖ്യയുമായി ബന്ധപ്പെട്ടുകിടക്കുന്നു. ഈ സത്യം ഉൾക്കൊണ്ടു കൊണ്ട് ഗണിതത്തിന്റെ മധുരാനുഭൂതി കൊച്ചുകുട്ടികളിൽ എത്തിക്കണം.

ശാസ്ത്രങ്ങളുടെ റാണിയായ ഗണിതം കഷായമല്ല, മറിച്ച് മധുരമാണെന്ന് തെളിയിക്കുന്നതിനുള്ള വൈവിധ്യമാർന്ന കണക്കുകൾ കളികളിലൂടെയും മറ്റും രസകരമാക്കുക വഴി കണക്കിനോടുള്ള കുട്ടികളുടെ പേടിയും വെറുപ്പും അകറ്റി, അവരിൽ താൽപര്യം ജനിപ്പിക്കത്തക്ക രീതിയിലുള്ള പ്രവർത്തനങ്ങൾ- ഇതിലൂടെ ഗണിതത്തിലെ അടിസ്ഥാനപരമായ ശേഷികൾ നേടിയെടുക്കുന്നതിന് മുഴുവൻ കുട്ടികളെയും പ്രാപ്തരാക്കുക എന്നതാണ് ഈ പ്രോജക്ടുകൊണ്ട് ലക്ഷ്യമിടുന്നത്.

ലക്ഷ്യങ്ങൾ

1. ഗണിതത്തോടുള്ള ഭയം മാറ്റൽ
2. ലളിതമായ രീതികളിലൂടെ ഗണിതപഠനം മധുരമാക്കൽ
3. ഗണിതത്തിലെ അടിസ്ഥാന ശേഷികൾ കൈവരിക്കൽ
4. പ്രശ്നാപഗ്രഥന ചോദ്യങ്ങൾ വിശകലനം ചെയ്ത് പരിഹരിക്കാനുള്ള കഴിവ് നേടൽ
5. ഗണിതം അനായാസേന കൈകാര്യം ചെയ്യൽ

പ്രവർത്തനപദ്ധതി

1. അദ്ധ്യയന വർഷാരംഭത്തിൽതന്നെ SRG ചേർന്ന് പ്രവർത്തനങ്ങൾ ചർച്ച ചെയ്യൽ, ആസൂത്രണം.

2. ക്ലാസ് തലത്തിൽ ലഘുപ്രശ്നങ്ങൾ നൽകി, പരിഹാര പ്രവർത്തനത്തിൽ പ്രയാസമുള്ള കുട്ടികളെ കണ്ടെത്തൽ.

3. ഗണിതക്രിയകൾ സാധനസംയുക്തമായി അവതരിപ്പിക്കൽ

4. വർക്ക്ഷീറ്റുകളുടെ ഉപയോഗം

5. വ്യക്തിഗത പ്രവർത്തനങ്ങൾക്ക് മുൻതൂക്കം നൽകൽ

6. ആർ.പി. മാരെ ഉപയോഗിച്ച് അധികപഠനക്ലാസ്സുകൾ

ധനകാര്യ വിശകലനം

| നമ്പർ | പ്രവർത്തനങ്ങൾ | ചുമതല | ചെലവ് | സ്രോതസ്സ് |
|---|---|---|---|---|
| 1 | SRG ആസൂത്രണം | SRG ടീച്ചർ കൺവീനർ | | |
| 2 | പ്രശ്നങ്ങളുള്ള കുട്ടികളെ കണ്ടെത്തൽ | ക്ലാസ് ടീച്ചർ | | |
| 3 | പഠനബോധനോപകരണങ്ങൾ തയ്യാറാക്കൽ | ക്ലാസ് ടീച്ചർ | 500.00 | |
| 4 | പാഠഭാഗവുമായി ബന്ധിപ്പിച്ച് പ്രവർത്തനങ്ങൾ നൽകൽ | ക്ലാസ് ടീച്ചർ | | |

## പ്രവർത്തനകലണ്ടർ

| നമ്പർ | പ്രവർത്തനങ്ങൾ | ജൂൺ | ജൂലൈ | ആഗസ്റ്റ് | സെപ്തംബർ | ഒക്ടോബർ | നവംബർ | ഡിസംബർ | ജനുവരി | ഫെബ്രുവരി | മാർച്ച് |
|---|---|---|---|---|---|---|---|---|---|---|---|
| 1 | ക്ലാസ് തലത്തിൽ കുട്ടികളെ കണ്ടെത്തൽ | ✓ | | | | | | | | | |
| 2 | ഓരോ കുട്ടിയുടെയും പ്രശ്നങ്ങൾ കണ്ടെത്തി രേഖപ്പെടുത്തൽ | ✓ | | | | | | | | | |
| 3 | അധിക പഠക്ലാസ് | | ✓ | | | | ✓ | | ✓ | | |
| 4 | പ്രശ്നപരിഹാരത്തിനാവിശ്യമായ പഠനസാമഗ്രികൾ തയ്യാറാക്കൽ | ✓ | ✓ | ✓ | ✓ | ✓ | ✓ | ✓ | ✓ | ✓ | ✓ |
| 5 | സംഖ്യാബോധം | ✓ | ✓ | | | | | | | | |
| 6 | സങ്കലനം | | ✓ | | | | | | | | |
| 7 | വ്യവകലനം | | | ✓ | | | | | | | |
| 8 | ഗുണനം Std.II, Std III, Std IV | | | | ✓ | | | | | | |
| 9 | ഹരണം Std IV | | | | ✓ | ✓ | | | | | ✓ |
| 10 | നിർദ്ധാരണപ്രശ്നങ്ങൾ | | | | | | ✓ | ✓ | ✓ | ✓ | ✓ |
| 11 | അവസാനഘട്ട വിലയിരുത്തൽ | | | | | | | | | ✓ | |
| 12 | തുടർ പ്രവർത്തനങ്ങൾ | | | | | | | | | | ✓ |
| 13 | ഗണിത മൂല | | ✓ | | | | | | | | |

## 13. LEINS (Learn English In Natural Situations)

ആമുഖം :

സമൂഹത്തിൽ ഇംഗ്ലീഷ് ഭാഷയോടുള്ള ആഭിമുഖ്യം കൂടിവരികയാണ് അതുകൊണ്ട് തന്നെ പഠനത്തിന്റെ ഗുണനിലവാരത്തെ കുറിച്ച് ഒട്ടും തന്നെ ചിന്തിക്കാതെ രക്ഷിതാക്കൾ തങ്ങളുടെ കുട്ടികളെ ഇംഗ്ലീഷ് മീഡിയം സ്കൂളിൽ അയക്കാൻ താത്പര്യം കാണിക്കുന്നു. സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവർപോലും ഭാരിച്ചഫീസും വണ്ടിവാടകയും കൊടുത്ത് ദൂരം കൂടിയ സ്കൂൾബാഗും പേറി കുട്ടികളെ ഇംഗ്ലീഷ്മീഡിയം സ്കൂളിൽ അയക്കുന്നു. സമൂഹത്തിലെ ഈ കാഴ്ചപ്പാട് മാറണമെങ്കിൽ പൊതുവിദ്യാലയങ്ങളിൽ ഇംഗ്ലീഷ്ഭാഷയുടെ ഗുണനിലവാരം വർദ്ധിപ്പിക്കണം. ഇംഗ്ലീഷ് ഭാഷാപ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുക വഴി രക്ഷിതാക്കളുടെ മനോഭാവത്തിൽ മാറ്റം വരുത്തുന്നതിനും അതുവഴി കുട്ടികളെ പൊതുവിദ്യാലയങ്ങളിലേക്ക് ആകർഷിക്കുന്നതിനും സാധ്യമാകും. ഗുണമേന്മയുള്ള ഇംഗ്ലീഷ് വിദ്യാഭ്യാസം അടിസ്ഥാനതത്വമായി എടുത്തുകൊണ്ട് ഒന്നാം തരത്തിൽ ആരംഭിച്ച ഇംഗ്ലീഷ് പഠനം സ്വാഗതാർഹമാണ്. പാഠപുസ്തകത്തിന് അനുപൂരകമായ പ്രവർത്തനങ്ങൾ കണ്ടെത്തുകയും അവ സ്വാഭാവികമായി സന്ദർഭങ്ങളിലൂടെ പ്രയോഗിച്ച് ഇംഗ്ലീഷ് ഭാഷ കൈകാര്യം ചെയ്യുന്നതിന് പ്രാപ്തരാക്കുകയും അതിലൂടെ വിദ്യാലയത്തിൽ പ്രവേശനം വർദ്ധിപ്പിക്കുക എന്നതുമാണ് LEINS എന്ന ഈ പ്രൊജക്ട് ഉദ്ദേശിക്കുന്നത്. ഇതിലൂടേ രക്ഷിതാക്കളിൽ പൊതുവിദ്യാലയത്തോടുള്ള ആഭിമുഖ്യം വളർത്താനും അനംഗീകൃത വിദ്യാലയങ്ങളിലേക്കുള്ള കുട്ടികളുടെ ഒഴുക്ക് നിയന്ത്രിക്കാനും കഴിയുമെന്ന് പ്രത്യാശിക്കാം.

### ലക്ഷ്യങ്ങൾ

1. നിത്യജീവിതത്തിൽ ഇംഗ്ലീഷ് ഭാഷായിൽ മറ്റുള്ളവരുമായി സംവദിക്കുന്നതിന് കുട്ടികളെ പ്രപ്തരാക്കുക.
2. കുട്ടികളുടെ ഇംഗ്ലീഷ് പദസമ്പത്ത് വർദ്ധിപ്പിക്കുക.
3. സ്വാവികമായ അന്തരീക്ഷത്തിലൂടെ ഇംഗ്ലീഷ് പഠനം ലളിതവും ആകർഷകവുമാക്കുക.
4. ലഘു ഭാഷാ വ്യവഹാരങ്ങളിൽ നൈപുണ്യം നേടുക.

## വർത്തനകലണ്ടർ

| മ്പർ | പ്രവർത്തനങ്ങൾ | ജൂൺ | ജൂലൈ | ആഗസ്ത് | സെപ്തംബർ | ഒക്ടോബർ | നവംബർ | ഡിസംബർ | ജനുവരി | ഫെബ്രുവരി | മാർച്ച് |
|---|---|---|---|---|---|---|---|---|---|---|---|
| 1 | പ്രവർത്തനം- ആസൂത്രണം | ✓ | | | | | | | | | |
| 2 | പദ്ധതി ഉദ്ഘാടനം | ✓ | | | | | | | | | |
| 3 | ആർ.പി. മാരെ കണ്ടെത്തൽ | | ✓ | | | | ✓ | | ✓ | | |
| 4 | ഡമോൺസ്ട്രേഷൻ ക്ലാസ്സുകൾ | | ✓ | | ✓ | | ✓ | | ✓ | ✓ | |
| 5 | പ്രവർത്തന കാർഡ് | ✓ | ✓ | ✓ | ✓ | ✓ | ✓ | ✓ | ✓ | ✓ | ✓ |
| 6 | ക്ലാസുകൾ കൈകാര്യം | ✓ | ✓ | ✓ | ✓ | ✓ | ✓ | ✓ | ✓ | ✓ | ✓ |
| 7 | ചിത്രങ്ങൾ പദങ്ങൾ, വായന | | | | | | | | | ✓ | |
| 8 | പദങ്ങൾ/അക്ഷരങ്ങൾ/തിരിച്ചറിൽ | | | | ✓ | | | | | ✓ | |
| 9 | പദനിർമ്മാണം (Puzzles) | ✓ | ✓ | ✓ | ✓ | ✓ | ✓ | ✓ | ✓ | ✓ | ✓ |
| 10 | പദങ്ങൾ എഴുതൽ | ✓ | ✓ | | | | | | | | |
| 11 | ലഘുവാക്യങ്ങൾ നിർമ്മാണം വ (Oral) | | | ✓ | ✓ | | | | | | |
| 12 | വാക്യവായന | | | | | ✓ | | | | | |
| 13 | ലഘുവാക്യങ്ങൾ എഴുതൽ | | | | ✓ | | | | | | |
| 14 | ലഘുവിവരണം (Oral) | | | | ✓ | | | | | | |
| 15 | Add more line | | | | ✓ | | | | | | |
| 16 | ലഘുവിവരണം എഴുതൽ | | | | ✓ | ✓ | ✓ | | | | |
| 17 | Story Reading (Library) | | | | | | ✓ | | | | |
| 18 | മോണിറ്ററിംഗ് | | | | | | ✓ | | | | |
| 19 | ഇംഗ്ലീഷ് ക്യാമ്പ് | | | | | | | ✓ | ✓ | | |
| 20 | മമികരുടെശുമ മമഴമശ്രിശില | | | | | | | | | | ✓ |

5. പദങ്ങൾ / വാക്യങ്ങൾ വായിക്കുക.
6. ലഘുവാക്യങ്ങൾ നിർമ്മിക്കാനും എഴുതാനും കഴിയുക.
7. രക്ഷിതാക്കൾക്ക് പൊതുവിദ്യാലയത്തോടു മതിപ്പുളവാക്കുക.
8. വിദ്യാലയത്തിലെ പ്രവേശനം വർദ്ധിപ്പിക്കുക.

പ്രവർത്തനപദ്ധതി

1. SRG ചേർന്ന് പ്രവർത്തനങ്ങൾ ആസൂത്രണം.

2. ഒരോ ക്ലാസ്സിലും അനുപൂരക പ്രവർത്തനങ്ങൾ

3. പ്രവർത്തന കാർഡുകളും വർക്ക് ഷീറ്റുകളും തയ്യാറാക്കുക.

4. ആസൂത്രണത്തിനനുസരിച്ചുള്ള പ്രവർത്തനങ്ങൾ നടത്തുക.

5. ഡമോൺസ്ട്രേഷൻ ക്ലാസ്സുകൾ സംഘടിപ്പിക്കുക.

6. ഇംഗ്ലീഷ് ക്യാമ്പ് സംഘടിപ്പിക്കുക.

7. ശനിയാഴ്ചകളിൽ പ്രത്യക പരിശീലനം നൽകുക.

## ധനകാര്യ വിശകലനം

| നമ്പർ | പ്രവർത്തനങ്ങൾ | ചുമതല | ചെലവ് | സ്രോതസ്സ് |
|---|---|---|---|---|
| 1 | പ്രവർത്തനങ്ങൾ ആസൂത്രണം | SRG | | |
| 2 | ക്ലാസ്തല ആസൂത്രണം | അധ്യാപകൻ | | |
| 3 | പഠനസാമഗ്രികൾ / വർക്ക് ഷീറ്റ് തയ്യാറാക്കൽ | അധ്യാപകൻ | 500.00 | |
| 4 | ഡമോൺസ്ട്രേഷൻ ക്ലാസ്സുകൾ | അധ്യാപകർ | | |
| 5 | ശനിയാഴ്ചകളിൽ പ്രത്യേകപരിശീലനം | അധ്യാപകൻ 5ത 200 | | |
| 6 | ഇംഗ്ലീഷ് ക്യാമ്പ് | HM RP SRG. | 5000 | പി.ടി.എ |

## 15. കുട്ടിയെ അറിയാം, അളക്കാം

### (യൂണിറ്റ് ടെസ്റ്റുകൾ)

ആമുഖം

ജീവിതത്തിൽ നാം അറിവ് രൂപീകരിക്കുകയോ അറിവിനെ മെച്ചപ്പെടുത്തുകയോ ചെയ്തത് നമുക്കനുഭവപ്പെട്ട ആവിശ്യകതാ ബോധത്തിൽ നിന്നാണല്ലോ. അത്തരം ആവിശ്യകതാ ബോധം കുട്ടിയിൽ ജനിപ്പിക്കുന്ന പഠന പ്രശ്നങ്ങളിൽ ഏർപ്പെട്ടുകൊണ്ട് തന്നെയല്ലേ ക്ലാസ് മുറികളിൽ അറിവ് നിർമ്മിക്കപ്പെടേണ്ടത്? പ്രശ്നങ്ങളെ നേരിട്ടും പരിഹാരമാർഗ്ഗങ്ങൾ ആസൂത്രണം ചെയ്തു നിഗമനങ്ങൾ രൂപീകരിച്ചും ഇവയോരോന്നും നിരന്തരം വിലയിരുത്തിയുമുള്ള പ്രക്രിയയായിരിക്കും പഠനം. ക്ലാസ്മുറികളിലെ പഠനപ്രക്രിയ മെച്ചപ്പെടുത്തുകയെന്ന ലക്ഷ്യത്തോടെ കൃത്യമായി ആസൂത്രണം ചെയ്ത വിലയിരുത്തലുകൾ കുട്ടിയുടെ പഠനനിലവാരം ഉയർത്തുന്നതിൽ നിർണ്ണായക സ്വാധീനം ചെലുത്തുന്നു. പഠനത്തിൽ കുട്ടി ഉപയോഗിക്കുന്ന ആശയങ്ങൾ, ശേഷികൾ, പ്രക്രിയകൾ, അനുഭവങ്ങൾ, കാഴ്ചപ്പാടുകൾ എന്നിവ അറിഞ്ഞ് അവയെ പഠനലക്ഷ്യവുമായി ബന്ധപ്പെടുത്തി പ്രവർത്തനങ്ങൾ ചിട്ടപ്പെടുത്താനും പഠനത്തിൽ കുട്ടികളുടെ നേട്ടങ്ങളും കോട്ടങ്ങളും തിരിച്ചറിഞ്ഞ് ദിശാബോധം നൽകാനും യൂണിറ്റ് ടെസ്റ്റുകൾ വഴി കഴിയും.

### ലക്ഷ്യങ്ങൾ

- വിവിധ വിഷയ മേഖലകളിലുള്ള കുട്ടിയുടെ പഠനവും പ്രകടനവും
- കുട്ടിയുടെ പഠനത്തിനാവശ്യമായ പിന്തുണ നൽകൽ
- കുട്ടിയുടെ പഠനം, പെരുമാറ്റം, എന്നിവയിൽ വന്നുകൊണ്ടിരിക്കുന്ന മാറ്റങ്ങളും നിശ്ചിത കാലയളവിലുണ്ടാകുന്ന പുരോഗതിയും.
- കുട്ടികളുടെ നൈപുണികൾ, താൽപര്യങ്ങൾ, മനോഭാവങ്ങൾ, പ്രചോദനം
- സ്കൂളിനകത്തും പുറത്തുമുള്ള വ്യത്യസ്ത സാഹചര്യങ്ങളോടും അവസരങ്ങളോടുമുള്ള കുട്ടിയുടെ പ്രതികരണം.
- വിദ്യാഭ്യാസമേഖലയിലെ പുരോഗതി സമൂഹത്തെ അറിയിച്ച് അംഗീകാരം

പ്രവർത്തനങ്ങൾ

1. ചോദ്യക്കടലാസ് നിർമ്മാണം
2. വായനാക്കാർഡുകൾ, ഇംഗ്ലീഷ് കാർഡുകൾ, സംഖ്യാ കാർഡുകൾ, വർക്ക് ഷീറ്റുകൾ ഇവ ഉപയോഗിച്ചുള്ള പ്രവർത്തനങ്ങൾ.
3. ക്ലാസ് പി.ടി.എ. യോഗം ചേർന്ന് മൂല്യനിർണ്ണയ വിശകലനം, പരിഹാര ബോധന പ്രവർത്തനങ്ങൾ.

പ്രവർത്തനകലണ്ടർ

| നമ്പർ | പ്രവർത്തനങ്ങൾ | ജൂൺ | ജൂലൈ | ആഗസ്റ്റ് | സെപ്റ്റംബർ | ഒക്ടോബർ | നവംബർ | ഡിസംബർ | ജനുവരി | ഫെബ്രുവരി | മാർച്ച് |
|---|---|---|---|---|---|---|---|---|---|---|---|
| 1 | ചോദ്യക്കടലാസ് തയ്യാറാക്കൽ | ✓ | ✓ | ✓ | ✓ | ✓ | ✓ | ✓ | ✓ | ✓ | ✓ |
| 2 | വായനക്കാർഡുകൾ തയ്യാറാക്കി പ്രവർത്തനങ്ങൾ നൽകൽ | ✓ | ✓ | ✓ | ✓ | ✓ | ✓ | ✓ | ✓ | ✓ | ✓ |
| 3 | ഇംഗ്ലീഷ്കാർഡുകൾ തയ്യാറാക്കി പ്രവർത്തനങ്ങൾ നൽകൽ | ✓ | ✓ | ✓ | ✓ | ✓ | ✓ | ✓ | ✓ | ✓ | ✓ |
| 4 | സംഖ്യാകാർഡുകൾ തയ്യാറാക്കി പ്രവർത്തനങ്ങൾ നൽകൽ | ✓ | ✓ | ✓ | ✓ | ✓ | ✓ | ✓ | ✓ | ✓ | ✓ |
| 5 | വർക്ക്ഷീറ്റുകൾ നൽകൽ | ✓ | ✓ | ✓ | ✓ | ✓ | ✓ | ✓ | ✓ | ✓ | ✓ |
| 6 | യൂണിറ്റ് മൂല്യനിർണ്ണയം നടത്തൽ | ✓ | ✓ | ✓ | ✓ | ✓ | ✓ | ✓ | ✓ | ✓ | ✓ |
| 7 | പ്രശ്നമേഖലകൾ കണ്ടെത്തൽ | ✓ | ✓ | ✓ | ✓ | ✓ | ✓ | ✓ | ✓ | ✓ | ✓ |
| 8 | ക്ലാസ് പിടിഎ യോഗം ചേരൽ | ✓ | ✓ | ✓ | ✓ | ✓ | ✓ | ✓ | ✓ | ✓ | ✓ |
| 9 | മൂല്യനിർണ്ണയ വിശകലനം, പരിഹാര പ്രവർത്തനങ്ങൾ | ✓ | ✓ | ✓ | ✓ | ✓ | ✓ | ✓ | ✓ | ✓ | ✓ |

# 16. വളരാം... വായനയിലൂടെ...

ആമുഖം

അറിവുനിർമ്മാണം സാധ്യമാക്കുന്നതിന് കുട്ടികളിൽ വായനാശീലം വളർത്തിയെടുക്കേണ്ടതുണ്ട്. അതിനാൽ പാഠ്യപദ്ധതിയുമായി ബന്ധപ്പെട്ട് മാറിയ പാഠപുസ്തകങ്ങളെ പരിഗണിക്കുന്നതരത്തിൽ ഒട്ടനവധി പുസ്തകങ്ങൾ സ്കൂൾ ലൈബ്രറിയിൽ സജ്ജമാക്കേണ്ടതുണ്ട്.

സ്കൂൾ ലൈബ്രറിയിൽ എണ്ണൂറോളം പുസ്തകങ്ങൾ ഉണ്ട്. എസ്.എസ്.എ. ഗ്രാന്റ്, കുട്ടികളുടെയും സന്നദ്ധ സംഘടനകളുടെയും സംഭാവന എന്നിവയിലൂടെയാണ് പുസ്തകങ്ങൾ സമാഹരിച്ചിട്ടുള്ളത്. പുസ്തകങ്ങൾ സൂക്ഷിക്കുന്നതിനായി 2006–2007 വർഷത്തിൽ പി.ടി.എ ~~പഞ്ചായത്തി~~ൽനിന്നും ഒരു അലമാര അനുവദിച്ചുകിട്ടിയിട്ടുണ്ട്. നിലവിലുള്ള പുസ്തങ്ങളിൽ കഥകൾ, കവിതകൾ, പുരാണകഥകൾ, ഗണിതശാസ്ത്രപുസ്തകങ്ങൾ, ഫലിതപുസ്തകങ്ങൾ, പഴഞ്ചൊല്ലുകൾ, കടങ്കഥകൾ, ശൈലികൾ എന്നിവയടങ്ങിയ പുസ്തകങ്ങൾ, ഇംഗ്ലീഷ് കഥാപുസ്തകങ്ങൾ പരിസരപഠനവുമായി ബന്ധപ്പെട്ട പുസ്തകങ്ങൾ, ജീവചരിത്രങ്ങൾ, സ്വാതന്ത്ര്യസമര ചരിത്രഗ്രന്ഥങ്ങൾ റഫറൻസ് പുസ്തകങ്ങൾ എന്നിവ ഉൾപ്പെടുന്നു.

2,3,4 ക്ലാസ്സുകളിൽ എല്ലാ വെള്ളിയാഴ്ചകളിലും ലൈബ്രറിവിതരണം ചെയ്തുവരുന്നുണ്ട്. ദിനപത്രം, കുട്ടികളുടെ മാസിക എന്നിവ പഞ്ചായത്തിൽനിന്നും ലഭ്യമാക്കിയിട്ടുണ്ട്. മാസംതോറും പത്രക്വിസ് നടത്തുന്നുണ്ട്.

കൂടുതൽ വൈവിധ്യമാർന്ന പുസ്തകങ്ങൾ ലൈബ്രറിയിൽ അനിവാര്യമാണ്. ഇതിനായി അടുത്തുള്ള വായനശാലയെയും മറ്റു സ്രോതസ്സുകളെയും ഉപയോഗപ്പെടുത്തുകയും ഇതിലൂടെ കുട്ടികളിൽ നല്ല വായനാസംസ്കാരം വളർത്തിയെടുക്കുകയുമാണ് ഈ പ്രൊജക്ടിന്റെ ഉദ്ദേശ്യം.

പ്രവർത്തനകലണ്ടർ

| ക്രമനമ്പർ | പ്രവർത്തനങ്ങൾ | ജൂൺ | ജൂലൈ | ആഗസ്ത് | സെപ്തംബർ | ഒക്ടോബർ | നവംബർ | ഡിസംബർ | ജനുവരി | ഫെബ്രുവരി | മാർച്ച് |
|---|---|---|---|---|---|---|---|---|---|---|---|
| 1 | പുസ്തകവിതരണം | ✓ | ✓ | ✓ | ✓ | ✓ | ✓ | ✓ | ✓ | ✓ | ✓ |
| 2 | പുസ്തകസമാഹരണം | | ✓ | | | | | | | | |
| 3 | പുസ്തകങ്ങൾ തരംതിരിക്കൽ | ✓ | | | | | | | | | |
| 4 | ക്ലാസ് ലൈബ്രറി സജ്ജമാക്കൽ | | | ✓ | | ✓ | | | ✓ | | |
| 5 | വായനശാലയിൽനിന്ന് പുസ്തകങ്ങൾ ലഭ്യമാക്കൽ | | | | | | | | | | |
| 6 | വായനശാല സന്ദർശനം | ✓ | | | | | | | | | |
| 7 | സ്പോൺസേഡ് പരിപാടികൾ | | | | ✓ | | ✓ | | | | |
| 8 | ക്വിസ് പരിപാടികൾ | | | | | | | | | | |
| 9 | ക്ലാസ്സ് പതിപ്പുകൾ തയ്യാറാക്കൽ | ✓ | ✓ | ✓ | ✓ | ✓ | ✓ | ✓ | ✓ | ✓ | ✓ |
| 10 | സ്കൂൾ കൈയെഴുത്ത് പതിപ്പ് തയ്യാറാക്കൽ | | | | | | | | | ✓ | |
| 11 | വായനാക്കുറിപ്പ് തയ്യാറാക്കൽ | | ✓ | ✓ | ✓ | ✓ | ✓ | ✓ | ✓ | ✓ | ✓ |
| 12 | പുസ്തക പ്രദർശനം | | | | | | | | | ✓ | |

# ദിനാചരണ പ്രവർത്തനങ്ങൾ

ആമുഖം

പുതിയ പാഠ്യപദ്ധതിയുമായി ബന്ധപ്പെട്ട് അറിവുനിർമ്മാണം സാധ്യമാക്കുന്നതിന് പാഠപുസ്തകങ്ങൾക്ക് ഒരു പരിധിയുണ്ട്. എന്നാൽ അനുഭവങ്ങളിലൂടെ പകർന്നുകിട്ടുന്നവയ്ക്ക് അങ്ങനെയൊരു പരിധിയില്ല. അതുകൊണ്ട് പുതിയ പാഠ്യപദ്ധതിയിൽ പുസ്തകത്തിന് പുറത്തുള്ള വിജ്ഞാനത്തിന് ഏറെ പ്രാധാന്യം നൽകിയിരിക്കുന്നു. പഠനം രസകരമായ അനുഭവമാക്കാൻ ക്ലാസ് മുറികൾക്ക് പുറത്തും ഒരുപാട് കാര്യങ്ങൾ കുട്ടികൾക്ക് ചെയ്യുവാൻ സാധിക്കും. വിവിധ പരിപാടികൾ, മത്സരങ്ങൾ, യാത്രകൾ, പ്രദർശനങ്ങൾ തുടങ്ങി എത്രയെത്ര കാര്യങ്ങൾ. ഇവയോരോന്നും പാഠഭാഗങ്ങളെ അനായാസമാക്കുക മാത്രമല്ല പഠനം ആസ്വദിക്കാനുള്ള എല്ലാവഴികളും തുറന്നുതരികയും ചെയ്യും. പഠനം ആഘോഷമാക്കുവാനുള്ള ദിനാചരണ പ്രവർത്തനങ്ങളാണ് നാം ഈ വർഷം തെരെഞ്ഞെടുക്കുന്നത്.

ലക്ഷ്യങ്ങൾ

1. മഹത്‌വ്യക്തികളെക്കുറിച്ച് ധാരണ ഉണ്ടാക്കൽ
2. പ്രധാനദിനങ്ങളുടെ പ്രത്യേകതകളെക്കുറിച്ച് ബോധവാന്മാരാക്കൽ
3. സാമൂഹിക പ്രാധാന്യം അർഹിക്കുന്ന സ്ഥലങ്ങൾ സന്ദർശിക്കൽ
4. സാമൂഹിക പ്രാധാന്യം അർഹിക്കുന്ന സ്ഥലങ്ങൾ സന്ദർശിച്ച് വിവരങ്ങൾ ശേഖരിച്ച് രേഖപ്പെടുത്തൽ
5. പുറംപഠന സാധ്യതകൾ പ്രയോജനപ്പെടുത്തൽ

പ്രവർത്തന പദ്ധതി

1. മഹത്വ്യക്തികളുടെ ലിസ്റ്റ് തയ്യാറാക്കി, ഫോട്ടോ ശേഖരിച്ച് ലഘുവിവരണം തയ്യാറാക്കൽ

2. പ്രധാനപ്പെട്ട ദിനങ്ങളുടെ പട്ടിക തയ്യാറാക്കൽ

3. സാമൂഹിക പ്രാധാന്യം അർഹിക്കുന്ന സ്ഥലങ്ങൾ കണ്ടെത്തൽ

4. പഠനയാത്ര, ഫീൽഡ് എന്നിവ സംഘടിപ്പിക്കൽ

5. ദിനാചരണവുമായി ബന്ധപ്പെട്ട ക്വിസ് മത്സരങ്ങൾ

6. ആൽബം തയ്യാറാക്കൽ, സംഘടിപ്പിക്കൽ

7. മഹത്വ്യക്തികളുടെ ഫോട്ടോ പ്രദർശനം.

ധനകാര്യ വിശകലനം

| നമ്പർ | പ്രവർത്തനങ്ങൾ | ചുമതല | ചെലവ് | സ്രോതസ്സ് |
|---|---|---|---|---|
| 1 | മഹത് വ്യക്തികളുടെ ലിസ്റ്റ് തയ്യാറാക്കൽ | ക്ലാസ് അധ്യാപകർ | | പി.ടി.എ |
| 2 | പ്രധാനദിനങ്ങൾ പട്ടിക തയ്യാറാക്കൽ | ക്ലാസ് അധ്യാപകർ | | പി.ടി.എ |
| 3 | സാമൂഹിക പ്രാധാന്യം അർഹിക്കുന്ന സ്ഥലങ്ങൾ കണ്ടെത്തൽ | എസ്.ആർ.ജി. | | പി.ടി.എ |
| 4 | പഠനയാത്ര, ഫീൽഡ് ട്രിപ്പ് | എസ്.ആർ.ജി., പി.ടി.എ. | 25000 | പി.ടി.എ |
| 5 | ക്വിസ് മത്സരങ്ങൾ സംഘടിപ്പിക്കൽ | ക്ലാസ് അധ്യാപകർ | | പി.ടി.എ |
| 6 | മഹാന്മാരുടെ ഫോട്ടോ പ്രദർശനം | എസ്.ആർ.ജി. | 1000 | പി.ടി.എ |

## ...ർത്തനങ്ങൾ

...പ്രവേശനോത്സവം, പഠനയാത്ര, സഹവാസക്യാമ്പ്, ...ണിക്കേറ്റീവ് ഇംഗ്ലീഷ് പരിശീലനം, സർവ്വേ, അഭിമുഖം, ഇംഗ്ലീഷ് ക്യാമ്പ്, ഫീൽഡ്ട്രിപ്പ്, ...സഭ, ഐ.സി.ടി. സാധ്യതകൾ, പഞ്ചായത്തിനെ അറിയാൻ- ഫീൽഡ് ട്രിപ്പ്, ...കൾ പ്രദർശനങ്ങൾ.

## ...ർത്തന കലണ്ടർ

| പ്രവർത്തനങ്ങൾ | ജൂൺ | ജൂലൈ | ആഗസ്ത് | സെപ്റ്റംബർ | ഒക്ടോബർ | നവംബർ | ഡിസംബർ | ജനുവരി | ഫെബ്രുവരി | മാർച്ച് |
|---|---|---|---|---|---|---|---|---|---|---|
| പ്രവേശനോത്സവം | | | | ✓ | | | | | | |
| കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് പരിശീലനം | ✓ | ✓ | ✓ | ✓ | ✓ | ✓ | ✓ | ✓ | ✓ | ✓ |
| ബാലസഭ | ✓ | ✓ | ✓ | ✓ | ✓ | ✓ | ✓ | ✓ | ✓ | ✓ |
| സഹവാസക്യാമ്പ് | | | | | | | | | | ✓ |
| പഞ്ചായത്തിനെ അറിയാൻ ഫീൽഡ് ട്രിപ്പ് | | | | | | ✓ | | | | |
| പഠനയാത്ര | | | | | | | | ✓ | | |
| ഇംഗ്ലീഷ് ക്യാമ്പ് | | | | | | | | | | ✓ |
| സർവ്വേ | ✓ | ✓ | ✓ | ✓ | ✓ | ✓ | | ✓ | | |
| അഭിമുഖം | | ✓ | ✓ | ✓ | ✓ | | ✓ | ✓ | | |
| പ്രദർശനം | | | | | | | | | | ✓ |
| മേളകളിലെ പങ്കാളിത്തം | ✓ | ✓ | ✓ | ✓ | ✓ | ✓ | ✓ | ✓ | ✓ | ✓ |
| വർക്ക്ഷീറ്റ്, വായനാകാർഡ്, ലൈബ്രറി വിതരണം, ക്വിസ് മത്സരം | ✓ | ✓ | ✓ | ✓ | ✓ | ✓ | ✓ | ✓ | ✓ | ✓ |
| പഠനോപകരണ കിറ്റ് വിതരണം | ✓ | | | | | | | | | |
| ഐസിടി സാധ്യത പ്രയോജനപ്പെടുത്തൽ | | | | | | | | | | |
| ക്ലബ്ബ് പ്രവർത്തനങ്ങൾ | | | | | | | | | | |
| നിരീക്ഷണ പരീക്ഷണ ...പവർത്തനങ്ങൾ | | | | | | | | | | |